ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശക സമിതി രൂപീകരണവുമായി ബന്ധപ്പെട്ട നിയമാവലിയുടെ ഒരു പ്രതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനത്തിന് സംവരണേതരത്വം

95 (8155) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് 2010 ജനുവരി മുതൽ ഇതുവരെ എത്ര സ്ഥിര നിയമനം നടത്തിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രപേർ ഉണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ ;

(സി) ദേവസ്വം ബോർഡ് നിയമനത്തിന് സംവരണേതരത്വം പാലിക്കാറുണ്ടോ ; എങ്കിൽ സംവരണാനുകൂല്യം ശതമാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ)	അസിസ്റ്റന്റ് പ്രൊഫസർ	58
	എൽ.ഡി. ക്ലാർക്ക്	95
	റിക്കാർഡ് അസിസ്റ്റന്റ്	1
	പ്യൂൺ	4

ക്ഷേത്ര ജീവനക്കാർ

ശാന്തി - 225, വാച്ചർ -98, കഴകം - 51, തളി - 118, പുറംജോലി -3, പാത്രം തേപ്പ് -3, സാനിട്ടറി വർക്കർ -4, പഞ്ചവാദ്യം -11, തകിൽ - 7, നാദസ്വരം- 12, ആനശേവുഖം- 21.

(ബി)	അസിസ്റ്റന്റ് പ്രൊഫസർ	4
	എൽ.ഡി.ക്ലാർക്ക്	3
	ക്ഷേത്ര ജീവനക്കാർ	13

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഹിന്ദുമതത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേത്ര ജീവനക്കാർ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നോട്ടിഫിക്കേഷൻ (Final Notification No. ROC 5151/96/Est-I, dated 1/3/2006) 13-6-2006-ലെ കേരള ഗസറ്റിൽ (Gazette No. 24, Vol-5) 466, 467 എന്നീ പേജുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ നായർ സർവ്വീസ് സൊസൈറ്റി ഫയൽ ചെയ്ത WP (C) 17581/06, ശ്രീ. മുരളീധരൻ ഫയൽ ചെയ്ത WP (C) 17814/06 നമ്പർ കേസുകൾ ഒന്നും തീർപ്പായിട്ടില്ല. ആയതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

ചെട്ടിക്കുളങ്ങര ക്ഷേത്രത്തിലെ വികസന പ്രവർത്തനങ്ങൾ

96 (8156) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രശസ്തമായ ചെട്ടിക്കുളങ്ങര ക്ഷേത്രത്തിൽ ദേവസ്വം ബോർഡ് പുതുതായി എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ദേവസ്വത്തിലെ പ്രസാദ മണ്ഡപത്തിന്റെ പണികൾക്ക് 24,15,000 രൂപയുടെ എസ്റ്റിമേറ്റ് ബോർഡ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ദേവസ്വത്തിലെ അന്നദാന മണ്ഡപത്തിന്റെ തെക്കുംഭാഗം ഇന്റർലോക്ക് ഇടുന്നതിനും, മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നതായും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകേണ്ട തുക

97 (T 8157) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭരണഘടനയുടെ അനുച്ഛേദം 290 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകേണ്ട നിശ്ചിത തുക തന്നെയാണോ ഇപ്പോൾ നൽകിവരുന്നത് ;

(ബി) പ്രസ്തുത തുക കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly